# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 718** **29/11/2018-ൽ മറുപടിയ്ക്ക്**

## സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.ഇ.കെ.വിജയൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | നാദാപുരം മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ; | (എ) | നാദാപുരം നിയമസഭാ മണ്ഡലത്തിലെ 7 സ്കൂളുകൾ സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിൽ വരുത്തുന്നതിനു വേണ്ടി തെരഞ്ഞെടുത്തിട്ടുണ്ട്.<br>എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി/യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ് |
| (ബി) | പദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പ് ഏറ്റെടുത്ത സ്കൂളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | നാദാപുരം നിയമസഭാ മണ്ഡലത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ഏറ്റെടുത്ത സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 1. വെള്ളിയോട് ഗവ. യു.പി. സ്കൂൾ<br>2. പാറക്കടവ് ഗവ. യു.പി. സ്കൂൾ<br>3. ചുഴലി ഗവ. യു.പി. സ്കൂൾ<br>4. കണ്ണങ്കൈ ഗവ. യു.പി. സ്കൂൾ<br>5. നാദാപുരം ഗവ. യു.പി. സ്കൂൾ<br>6. കല്ലാച്ചി ഗവ. യു.പി. സ്കൂൾ<br>7. കണ്ടുതോട് ഗവ. യു.പി. സ്കൂൾ |

**സെക്ഷൻ ഓഫീസർ**